## മലങ്കര മാർത്തോമ്മാ സുറിയാനി സഭ
## സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ പ്രസിഡന്റ്
## ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ മെത്രാപ്പോലീത്താ നിന്നും

**സർക്കുലർ നമ്പർ: 02**

കർത്താവിൽ വാത്സല്യമുള്ളവരെ,

മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ ശാഖ, സെന്റർ, ഭദ്രാസനം, കേന്ദ്രം എന്നീ തലങ്ങളിലുള്ള പൊതുയോഗത്തിന്റെ കാലാവധി 2026 മാർച്ച് 31-ാം തീയതി അവസാനിക്കുകയാണല്ലോ.

അതിനാൽ ഓരോ ശാഖകളിൽ നിന്നും 2026-2027 ലേക്കുള്ള അംഗത്വലിസ്റ്റ് ഇടവകയിൽ പരസ്യപ്പെടുത്തിയതിനു ശേഷം അന്തിമമായി തയ്യാറാക്കിയ ലിസ്റ്റിലെ അംഗങ്ങളുടെ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ ചേർത്ത് ഒരു അംഗത്തിന് 5 രൂപ നിരക്കിൽ അംഗത്വം മാർച്ച് 31 ന് മുമ്പായി എല്ലാ വർഷവും കേന്ദ്ര ഓഫീസിൽ പുതുക്കേണ്ടതും, ഓരോ ശാഖയും 3 വർഷത്തിലൊരിക്കൽ അടയ്ക്കേണ്ട രജിസ്ട്രേഷൻ ഫീസായ 200 രൂപ കേന്ദ്ര ഓഫീസിൽ അടച്ച് 2026-29 ലെ ശാഖാ രജിസ്ട്രേഷനും പുതുക്കേണ്ടതുമാണ്.

കേന്ദ്ര ഓഫീസിൽ അംഗത്വം പുതുക്കി സമർപ്പിക്കുന്ന ലിസ്റ്റിന്റെ കോപ്പികൾ ശാഖ ഉൾപ്പെട്ട ഭദ്രാസനത്തിലും സെന്ററിലും നൽകേണ്ടതാണ്. രജിസ്റ്റർ ചെയ്ത ശാഖകളിലെ അംഗങ്ങളിൽ നിന്ന് ശാഖാ ഭാരവാഹികളുടേയും കമ്മറ്റി അംഗങ്ങളുടേയും തെരഞ്ഞെടുപ്പ് മാർച്ച് 31-ന് ശേഷം നടത്തേണ്ടതാണ്. രജിസ്റ്റർ ചെയ്ത ശാഖകൾ ഭരണഘടന 44-ാം വകുപ്പനുസരിച്ച് ഭദ്രാസന പ്രതിനിധികളെയും 96-ാം വകുപ്പനുസരിച്ച് കേന്ദ്ര പ്രതിനിധികളെയും തിരഞ്ഞെടുത്ത്, തെരഞ്ഞെടുക്കപെടുന്നവരുടെ പേര് വിവരങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ അതാത് സെക്രട്ടറിമാരെ അവരുടെ നിർദ്ദേശം അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ അറിയിക്കേണ്ടതാണ്.

ഭദ്രാസന പ്രതിനിധികളുടെ പേരുവിവരങ്ങൾ പരസ്യപ്പെടുത്തി ആക്ഷേപം ഉണ്ടെങ്കിൽ അത് പരിഹരിച്ചശേഷം ഓരോ ഭദ്രാസനത്തിലും ഭദ്രാസന പൊതുയോഗത്തിന്റെ അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്. ഭദ്രാസന പൊതുയോഗം ഭരണഘടനപ്രകാരം നടത്തേണ്ട തെരഞ്ഞെടുപ്പുകൾ പൂർത്തീകരിച്ച് കേന്ദ്രത്തിൽ അറിയിക്കേണ്ട പേരുവിവരങ്ങൾ നിർദിഷ്ടഫോറത്തിൽ ജൂലൈ 31 ന് മുമ്പായി കേന്ദ്ര ഓഫീസിൽ അറിയിച്ചിരിക്കേണ്ടതാണ്.

കേന്ദ്ര പൊതുയോഗത്തിന്റെ ലിസ്റ്റ് ജൂലൈ 31ന് മുൻപ് കേന്ദ്ര ഓഫീസിലും ഭദ്രാസന ഓഫീസുകളിലും പരസ്യപ്പെടുത്തുന്നതായിരിക്കും. ആക്ഷേപം എന്തെങ്കിലും ഉണ്ടെങ്കിൽ അത് പരിഹരിച്ച് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

ഭദ്രാസനത്തിലും കേന്ദ്രത്തിലും പൊതുയോഗത്തിന്റെ അന്തിമലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം തുടർന്നുള്ള തെരഞ്ഞെടുപ്പ് നടപടികൾ അതാത് വരണാധികാരികളുടെ ചുമതലയിൽ നടക്കുന്നതാണ്.

ശാഖകൾ മുതൽ നടക്കേണ്ടുന്ന തെരഞ്ഞെടുപ്പ് പൂർത്തീകരിച്ച് ഭദ്രാസനത്തിലും കേന്ദ്രത്തിലും പ്രതിനിധികളുടെ അന്തിമ ലിസ്റ്റ് പരസ്യപ്പെടുത്തുന്നത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ കേന്ദ്ര ജനറൽ സെക്രട്ടറി, ശാഖകൾ, സെന്റർ, ഭദ്രാസന തലങ്ങളിൽ അറിയിക്കുന്നതായിരിക്കും.

2026 മാർച്ച് 31-ന് മുമ്പ് 60 വയസ്സിലേക്ക് പ്രവേശിക്കുന്നവരുടെ പേരുകൾ കൂടി ശാഖാ അംഗത്വലിസ്റ്റിൽ ഉൾപ്പെടുത്തി പരസ്യപ്പെടുത്താവുന്നതാണ്.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

എന്ന് ക്രിസ്താബ്ദം 2026 ഫെബ്രുവരി 06-ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

DR. THEODOSIUS MAR THOMA METROPOLITAN
MALANKARA MAR THOMA SYRIAN CHURCH

ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.